(ബി) പ്രസ്തുത ഇനത്തിൽ അപേക്ഷകരോട് എത്ര രൂപ വിവിധ ഫീസുകളോ ചാർജ്ജുകളോ നികുതികളോ ആയി വസൂൽ ചെയ്തിട്ടുണ്ട്; ഇവർക്ക് മേൽപ്പടി ഭൂമിയുടെ പട്ടയം അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഭൂമി അതിർത്തി നിർണ്ണയിച്ച് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമെന്താണ്; ഇതുസംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ടോ; തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കിലെ അവിടനല്ലൂർ വില്ലേജിലെ റീ-സർവ്വേ 33-ൽ 1-ബി, 3-ബി എന്നിവയിൽപ്പെട്ട ഭൂമി ഭൂരഹിതർക്കായി പതിച്ച് നൽകിയിട്ടില്ല എന്നാൽ സർവ്വേ നമ്പർ 33/1A, 3-A ൽപ്പെട്ട 3.20 ഏക്കർ ഭൂമി 32 പേർക്കായി 10 സെന്റ് വീതം പതിച്ചുനൽകിയിട്ടുണ്ട്.

(ബി) പതിച്ചുനൽകിയവരിൽനിന്ന് 160 രൂപാവീതം ക്രയവില ഈടാക്കുകയും പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പതിച്ചു നൽകിയ ഭൂമിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മുൻസിഫ് കോടതിയിൽ O.S.229/12-ാം നമ്പരായി കേസ് നിലവിലുണ്ട്. അതിനാൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല.

സ്രാഫ്സ്മാൻ ഗ്രേഡ്-1 ന്റെ ഒഴിവുകൾ

215 (1298) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്രാഫ്സ്മാൻ ഗ്രേഡ് -1 ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഹെഡ് സ്രാഫ്സ്മാന്റെ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കുമോ;

(സി) ടെക്നിക്കൽ അസിസ്റ്റന്റിന്റെ അനുവദനീയമായ തസ്തികകൾ എത്രയെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I തസ്തികയിൽ 13 ഒഴിവുകളുണ്ട്. ആയത് നികത്തുന്നതിന് പ്രൊമോഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ 138 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു ഒഴിവ് നിലവിലുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ പ്രൊമോഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ പ്രൊമോഷൻ നടത്തുന്നതാണ്.

(സി) ടെക്നിക്കൽ അസിസ്റ്റന്റിന്റെ 19 തസ്തികകൾ സർവ്വേ വകുപ്പിൽ ഉണ്ട്. ആയതിൽ 4 ഒഴിവുകൾ നിലവിലുണ്ട്. 13-10-2015-ൽ ടി ഒഴിവുകൾ നികത്തുന്നതിനായി DPC (L) കൂടുകയും 7 പേരെ ഉൾപ്പെടുത്തി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി 2015 വർഷത്തേയ്ക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സെലക്ട് ലിസ്റ്റ് ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ച ശേഷം സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കയർ മേഖലയിലെ ചകിരി ക്ഷാമം

216 (1299) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്വവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ ചകിരി ക്ഷാമം കയർവ്യവസായത്തിന് പ്രതികൂലമായ വസ്തുതയാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചകിരി ഉല്പാദനത്തിനായി പച്ചതൊണ്ട് തല്ലുന്നതിനുള്ള എത്ര യന്ത്രം വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണത്തിനുള്ള മാനദണ്ഡമെന്തായിരുന്നെന്നും വ്യക്തമാക്കുമോ;

(സി) ചകിരി ഉല്പാദനത്തിനായി യന്ത്രം ആവശ്യപ്പെട്ട് എത്ര സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്. അതിൽ എത്ര പേർക്ക് യന്ത്രം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത യന്ത്രത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണി ആരാണ് നടത്തുന്നത്; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?